ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം

104 [286] *ശ്രീ. സി. ടി. അഹമ്മദ് അലി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും ഇതിന്റെ അടങ്കൽ തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ഏതെല്ലാം പഠന റിപ്പോർട്ടുകളാണ് ലഭിച്ചത് എന്നും ഏതെല്ലാം റിപ്പോർട്ടുകളാണ് ലഭിക്കാൻ ബാക്കിയുള്ളതെന്നും വെളിപ്പെടുത്താമോ;

(സി) പഠന റിപ്പോർട്ടുകൾ ലഭ്യമാക്കി എന്നത്തേക്ക് പണി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2558 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ടി പദ്ധതിയുടെ മാതൃകാപഠന റിപ്പോർട്ടും പരിസ്ഥിതി പഠന റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്. കേന്ദ്രമന്ത്രാലയത്തിന്റെ പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കേണ്ടതുണ്ട്.

(സി) നടപടികൾ പൂർത്തിയാക്കി കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

ഫിഷിംഗ് ഹാർബർ

105 [287] *ശ്രീ. പി. കെ. അബ്ദുറബ്ബ്*:
,, *യു. സി. രാമൻ*:
,, *കെ. എൻ. എ. ഖാദർ*:
,, *സി. മമ്മൂട്ടി*:
,, *കളത്തിൽ അബ്ദുള്ള*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണി നടന്നുകൊണ്ടിരിക്കുന്ന ഫിഷിംഗ് ഹാർബറുകൾ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവ ഓരോന്നും എന്ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) ഇവയുടെ പണി വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടിയുണ്ടാകുമോ?

ഉത്തരം

(എ) പൊന്നാനി, മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, തങ്കശ്ശേരി, വിഴിഞ്ഞം എന്നിവയാണ് പണിനടന്നുകൊണ്ടിരിക്കുന്ന ഹാർബറുകൾ.

(ബി) വിഴിഞ്ഞം, മുതലപ്പൊഴി, തങ്കശ്ശേരി, കായംകുളം എന്നീ ഫിഷിംഗ് ഹാർബറുകൾ 2005-2006-ലും പൊന്നാനി ഫിഷിംഗ് ഹാർബർ 2006-2007-ലും തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ 2007-2008-ലും പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കായിക താരങ്ങൾക്ക് സർക്കാർ ജോലി

106 [288] *ശ്രീ. എ. എൻ. രാജൻ ബാബു:*

" *ഉമേഷ് ചള്ളിയിൽ:*

" *കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകി എന്ന് വ്യക്തമാക്കുമോ;

(ബി) ഒട്ടനവധി കായിക താരങ്ങൾ സംസ്ഥാനത്തിനും രാജ്യത്തിനും വളരെയേറെ സംഭാവനകൾ ചെയ്തിട്ടും അർഹമായ സർക്കാർ ജോലി നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ വർഷവും കായിക താരങ്ങൾക്ക് അനുവദിച്ചിട്ടുള്ള കാറ്റഗറി ആതാത് വർഷം തന്നെ നികത്തുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly